LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ

49 [54] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2004-ൽ ഉണ്ടായ വാഹന അപകടങ്ങളിൽ മരിച്ചവരുടെയും പരിക്കേറ്റവരുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വാഹന അപകടങ്ങൾ വർദ്ധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റോഡുസുരക്ഷ സംബന്ധിച്ചുള്ള നിയമങ്ങൾ കർശനമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് സ്ഥിരമായി അപകടമുണ്ടാകുന്ന മേഖലകൾ ഏതൊക്കെയാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; ഈ മേഖലകളിൽ അപകടങ്ങൾ ഇല്ലാതാക്കാൻ എന്തെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഉണ്ട്.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) വിവിധ വകുപ്പുകളുടെ സഹകരണത്തോടുകൂടി സ്ഥിരമായി അപകടമുണ്ടാകുന്ന മേഖലകൾ കണ്ടെത്തി സ്പീഡ് ബ്രേക്കേഴ്സ് സ്ഥാപിച്ചും അപകട സൂചന ബോർഡുകൾ സ്ഥാപിച്ചും, റോഡുകളിൽ വാഹന പരിശോധന നടത്തിയും, വിദ്യാർത്ഥികളുടേയും ഡ്രൈവർമാരുടേയും, പൊതുജനങ്ങളുടേയും ഇടയിൽ റോഡ് സുരക്ഷയെപ്പറ്റി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും ലഘുലേഖകൾ വിതരണം നടത്തിയും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ട്രാഫിക് സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നാഷണൽ ഹൈവേയിലും എം.സി.റോഡിലും മറ്റും 24 മണിക്കൂറും ഹൈവേ പോലീസിന്റെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. കൂടാതെ പോലീസ് ആസ്ഥാനത്ത് സ്റ്റേറ്റ് പോലീസ് ഓപ്പറേഷൻ റൂമിന്റെ ഭാഗമായി പ്രവർത്തിക്കുന്ന അലർട്ട് സംവിധാനം 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിന്റെ പ്രധാന ഉദ്ദേശം നാഷണൽ ഹൈവേയിലും എം.ജി. റോഡിലും മറ്റുമുണ്ടാകുന്ന ട്രാഫിക് അപകടങ്ങളിലും പ്രശ്നങ്ങളിലും മറ്റും എത്രയും പെട്ടെന്ന് പോലീസിന്റെ സേവനം എത്തിക്കുക എന്നുള്ളതാണ്.

† അനുബന്ധം IV കാണുക.

അനുബന്ധം IV

[31-1-2005-ലെ 49 (54)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

Details of District wise road Accidents in Kerala for the year 2004

DISTRICTS	*NO. OF ACCIDENTS*	*KILLED*	*INJURED*
TVPM (C)	2047	130	2342
TVPM (R)	3332	225	3879
KOLLAM	3314	282	3981
PATHANAMTHITTA	1643	120	2059
ALAPPUZHA	3194	246	3719
KOTTAYAM	3005	192	3568
EKLM (C)	3191	177	3224
EKLM (R)	4496	229	5670
IDUKKI	1111	79	1302
THRISSUR	4629	324	5788
PALAKKAD	2321	284	3403
MALAPPURAM	2677	270	4112
KKD (C)	1747	108	1813
KKD (R)	1587	123	2011
WAYANAD	624	50	1015
KANNUR	1530	144	2320
KASARAGOD	772	76	1119
TOTAL	41220	3059	51225

LIBRARY ARCHIVES Kerala Legislative Assembly